**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **04-02-2026 - ൽ മറുപടിയ്ക്ക്**

**വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വയനാട് (താമരശ്ശേരി) ചുരത്തിലെ ഗതാഗതക്കുരുക്ക് വയനാടിന്റെ വികസനത്തെയും ജനജീവിതത്തെയും ഗുരുതരമായി ബാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. വാഹനപ്പെരുപ്പവും, ചുരത്തിലെ റോഡുകൾക്ക് ആവശ്യമായ വീതി ഇല്ലാത്തതും കാരണം ട്രെയിലറുകൾ പോലെയുള്ള വലിയ വാഹനങ്ങൾക്ക് ഹെയർ പിൻ വളഞ്ഞു കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് കാരണവും, അഞ്ച്, ആറ് ഹെയർ പിൻ വളവുകളിൽ വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മരം മുറിക്കൽ നടക്കുന്നത് മൂലവും ഗതാഗത കുരുക്കുകൾ ചിലപ്പോൾ മണിക്കൂറുകൾ നീണ്ടുനിൽക്കുകയും ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | വാരാന്ത്യത്തിലും തിരക്കേറിയ സമയങ്ങളിലും പ്രത്യേക ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതു നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വാരാന്ത്യത്തിലും ഒഴിവു ദിവസങ്ങളിലും കൂടുതൽ വാഹനസാന്ദ്രതയുള്ള സമയങ്ങളിലും പൊതു ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി സുഗമമായ ഗതാഗതത്തിനായി ദുരന്തനിവാരണ നിയമം 2005 ലെ 26, 30, 34, 71 എന്നീ വകുപ്പുകൾ അനുസരിച്ച് പ്രത്യേക നിയന്ത്രണങ്ങൾ നടപ്പിലാക്കി വരുന്നു. മൾട്ടി ആക്സിൽ വാഹനങ്ങൾ, ഓവർ ഡയമെൻഷണൽ ട്രക്ക് എന്നീ വാഹനങ്ങൾക്ക് അവധി ദിവസങ്ങളിലും അതിനോട് അനുബന്ധിച്ച സമയങ്ങളിലും കടന്നുപോകാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവധി ദിവസങ്ങൾ കഴിഞ്ഞുള്ള പ്രവർത്തി ദിനങ്ങളിലും വാഹന സാന്ദ്രത കൂടിയ "പീക് ടൈം" അവസരങ്ങളിലും നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുന്നുണ്ട്. ഈ കാര്യങ്ങൾ പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും തുടർച്ചയായ നിരീക്ഷണത്തിലും ആണ്. ചുരത്തിൽ റോഡ് സൈഡിൽ വാഹന പാർക്കിങ്ങുകൾ പൂർണമായും നിരോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ നിയമ നടപടികളും എടുത്തുവരുന്നു. |
| (സി) | വയനാട് ചുരത്തിൽ നിരന്തരമായുണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കോഴിക്കോട് ജില്ലാ കളക്ടർ 17.01.2026ന് വിളിച്ചുചേർത്ത വിവിധ വകുപ്പുകളുടെ യോഗത്തിൽ വയനാട് ചുരത്തിലെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തുകയും, സുഗമവും സുരക്ഷിതവുമായ ഗതാഗത സംവിധാനത്തിനായി അത്യാവശ്യമായി നടപ്പിലാക്കേണ്ട കാര്യങ്ങളിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഗതാഗതക്കുരുക്കുകൾക്ക് പ്രധാന കാരണമായ ചുരം ഒമ്പതാം വളവിലെ റോഡ് ആവശ്യമായ അറ്റകുറ്റപണികൾ നടത്തി കൂടുതൽ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒമ്പതാം വളവിലെ പ്രവർത്തികൾ പൂർത്തിയാക്കുന്നത് വരെ മൾട്ടി ആക്സിൽ വാഹനങ്ങൾക്കും ഭാരവാഹനങ്ങൾക്കും കർശന നിയന്ത്രണം ഏർപ്പെടുത്തി. ചുരത്തിൽ വാഹനങ്ങൾ കേടാവുകയോ അപകടങ്ങൾ സംഭവിക്കുകയോ ചെയ്താൽ ഗതാഗത തടസ്സം ഉടൻ നീക്കുന്നതിനായി ഒമ്പതാം വളവ് കേന്ദ്രീകരിച്ച് ക്രെയിൻ സൗകര്യം ഉറപ്പാക്കാൻ തീരുമാനിച്ചു. അടിയന്തര സാഹചര്യങ്ങളിൽ സഹായത്തിനായി പോലീസ്, ഫയർ ഫോഴ്സ്, ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവരുടെ ഫോൺ നമ്പറുകൾ ഉൾപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചു. ചുരം റോഡിലെ ഗതാഗത തടസ്സങ്ങളും അപകടങ്ങളും കുറക്കാൻ ജില്ലാ കളക്ടറുടെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി മോട്ടോർ വാഹന വകുപ്പ് ചുരം റോഡിലും മറ്റു അപ്രോച് റോഡുകളിലും നിരന്തരമായ എൻഫോഴ്സ്മെന്റ് പരിശോധനകൾ നടത്തി വരുന്നു. അപകടകരമായ ഡ്രൈവിംഗ്, അമിതഭാരം കയറ്റിയ വാഹനങ്ങൾ, ലൈൻ ട്രാഫിക്കിന്റെ ലംഘനം, നിയമവിരുദ്ധമായ പാർക്കിങ്ങുകൾ, തുടങ്ങിയ ഗതാഗത നിയമലംഘനങ്ങൾക്കെതിരെ കർശനമായ നടപടികൾ എടുത്തു വരുന്നു. കഴിഞ്ഞ രണ്ടു മാസങ്ങളിൽ ചുരം കേന്ദ്രീകരിച്ച് നടത്തിയ പരിശോധനകളിൽ 60 ഓളം നിയമലംഘനങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പുമായി ചേർന്ന് പ്രത്യേക സംയുക്ത പരിശോധനകൾ നടത്താൻ പദ്ധതികൾ തയ്യാറാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ